വിധിക്കുകയുണ്ടായി. ഈ സർക്കുലർ മുഖേന നികുതി ഇളവ് നൽകാൻ റവന്യൂ ബോർഡിന് അധികാരം ഇല്ലെന്നും പ്രസ്തുത അധികാരം സർക്കാരിന് മാത്രമുള്ളതാണെന്നും ഹൈക്കോടതി വിധിച്ചു. ഈ വിധിക്കെതിരെ ബന്ധപ്പെട്ട വ്യവസായികൾ സമർപ്പിച്ച അപ്പീൽ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഇത് സുപ്രീം കോടതിയിൽ നിൽക്കുകയാണ്. ഇതൊക്കെ അങ്ങനെയാണെങ്കിലും മേൽപ്പറഞ്ഞ വിധി പ്രകാരം വില്പന നികുതി നിയമം ഒന്നാം പട്ടികയിൽ 123-ാം ഇനത്തിൽ ഉൾപ്പെട്ട വസ്തുക്കൾ വ്യത്യസ്ത ഉല്പന്നങ്ങളായി കണക്കാക്കേണ്ടി വരുന്നതിനാൽ റബ്ബർ ലാറ്റക്സിനും സെൻട്രിഫ്യൂഗൽ ലാറ്റക്സിനും നികുതി നൽകേണ്ടതായി വരും. ഈ മേഖലയിലുള്ള പല സംഘടനകളിൽനിന്നും ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചതിനുശേഷം ഒക്ടോബർ 2001 വരെ ഈ മേഖലയിലുള്ള വ്യവസായികൾക്ക് അവർ പിരിക്കാത്ത നികുതിക്ക് ഒഴിവു നൽകാനുള്ള തീരുമാനം ഈ വർഷം ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഞാൻ ഈ സഭയെ അറിയിച്ചിരുന്നു. ഈ മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യം സർക്കാർ സജീവമായി പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ബഹുമുഖ ടാക്സിന്റെ അടിസ്ഥാനത്തിൽ ഓരോ കമ്പനിയ്ക്കും ഒന്നരക്കോടി, രണ്ടു കോടി രൂപയുടെ അസസ്സ്മെന്റ് നോട്ടീസ് അയച്ചിരിക്കുകയാണ്. ആ നോട്ടീസ് സ്റ്റേ ചെയ്യാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി കൈക്കൊള്ളുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട നിയമസഭാ സാമാജികൻമാരും കമ്പനിയുടെ ഡയറക്ടർമാരും അതിന്റെ റപ്രസെന്റേറ്റീവുമായിട്ട് ചർച്ച ചെയ്തിരുന്നു. ഇതിൽ പോസിറ്റീവായിട്ടുള്ള തീരുമാനം എടുക്കുന്നതായിരിക്കും.

III സബ്മിഷൻ

(1) ഈറ്റവെട്ടും പനമ്പു നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ സംസ്ഥാനത്തെ രണ്ടു ജില്ലകളിലായി ഒരു ലക്ഷത്തോളം വരുന്ന, ഈറ്റവെട്ടും പനമ്പ് നിർമ്മാണവുമായി ബന്ധപ്പെട്ടുകഴിയുന്ന തൊഴിലാളികൾ ഇപ്പോൾ വഴിമുട്ടിനിൽക്കുകയാണ്. കാരണം കഴിഞ്ഞ പത്തിരുപത്തെട്ട് വർഷമായി അനുസ്യൂതമായി വനത്തിൽ നിന്ന് ഈറ്റ എടുക്കുന്നതിനും ഈ തൊഴിലാളികൾക്ക് തൊഴിൽ ചെയ്ത് ജീവിതം മുന്നോട്ട് നയിക്കുന്നതിനും സൗകര്യം ലഭിച്ചിരുന്നു. എന്നാൽ ബാംബൂ കോർപ്പറേഷന്റെ ചെയർമാന് വനം വകുപ്പിലെ മന്ത്രിയോ ഉദ്യോഗസ്ഥൻമാരുമോ ആയിട്ടുള്ള സൗന്ദര്യപ്പിണക്കം കാരണം ഇത്തവണ അതൊന്നും വെട്ടണ്ട എന്നുള്ള നിലയിൽ വനം വകുപ്പിൽ നിന്നും നിർദ്ദേശം വയ്ക്കുകയും അങ്ങനെ ഒരു ലക്ഷത്തോളം തൊഴിലാളികളുടെ ജീവിതം വഴിമുട്ടി നിൽക്കുന്ന സ്ഥിതി ഉണ്ടായിരിക്കുകയും ആണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുന്നത്. ഏതായാലും അതാണോ മറ്റ് എന്തെങ്കിലും പ്രശ്നമാണോ ഉണ്ടായിട്ടുള്ളത് എന്ന് ഗവൺമെന്റ് അടിയന്തിരമായി പരിശോധിച്ച് ആ പാവങ്ങളുടെ ജീവിതം തുടരാൻ വേണ്ട നടപടിയുണ്ടാകണം. വനം വകുപ്പിനാണെങ്കിൽ വലിയ പ്രശ്നം ഉണ്ടായിരുന്നില്ല. അതാണ് കഴിഞ്ഞ പത്തിരുപത്തെട്ട് കൊല്ലക്കാലമായിട്ട് ഇത് തുടർന്നു പോന്നിരുന്നതിന്റെ അർത്ഥം. അതുകൊണ്ട് തൊഴിൽ വകുപ്പുമന്ത്രിയും ആവശ്യമാണെങ്കിൽ ഫോറസ്റ്റ് വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട്, അതല്ല വേറെ വല്ല മന്ത്രിയുമായി ബന്ധപ്പെടേണ്ടതുണ്ടെങ്കിൽ അങ്ങനെയും, ബന്ധപ്പെട്ട് ഈ തടസ്സം നീക്കി തൊഴിലാളികൾക്ക് ജീവിതം തുടരാൻ അടിയന്തിരമായിട്ടുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. എല്ലാ വർഷവും ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെ വരുന്ന കാലഘട്ടത്തിൽ (പുതുമുള വരുന്ന സമയത്ത്) ഈറ്റവെട്ടുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. അത് എല്ലാ വർഷവും ചെയ്തുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് ബാംബു കോർപ്പറേഷൻ കുറേശ്ശെ ഈറ്റ വെട്ടുന്നതിന് അനൗദ്യോഗികമായി അനുമതി നൽകിക്കൊണ്ടിരുന്നു. ഈ വർഷം അങ്ങനെ നൽകാൻ പാടില്ല എന്ന നിലപാട് സ്വീകരിച്ച് ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തു. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ വ്യവസായ വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തൊഴിലാളികളുടെ ഈ പ്രശ്നം പരിഹരിക്കുന്നതിന് സാധാരണ നൽകിവരാറുള്ള ഇളവ് ഈ വർഷവും നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(2) സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരണം

ശ്രീ. അടൂർ പ്രകാശ് : സർ, സംസ്ഥാനത്തെ സ്വകാര്യ കോളേജ് അനദ്ധ്യാപകരുടെ സംഘടനയായ കേരളാ പ്രൈവറ്റ് കോളേജ് എംപ്ലോയീസ് അസോസിയേഷൻ, അനദ്ധ്യാപക ജീവനക്കാർക്ക് സ്റ്റാഫ് പാറ്റേൺ പുനക്രമീകരിക്കേണ്ട ആവശ്യം ചൂണ്ടിക്കാണിച്ചുകൊണ്ട് സർക്കാരിന് നിരവധി തവണ നിവേദനങ്ങൾ നൽകുകയുണ്ടായി. ഇതിൽ മേൽനടപടി സ്വീകരിക്കുന്നതിനായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിറ്റിയെ നിയോഗിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെയും സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരണം നടന്നിട്ടില്ല. പല സ്വകാര്യ കോളേജുകളിലും അനദ്ധ്യാപകരുടെ ഒഴിവുകൾ നികത്താനോ ജീവനക്കാർക്ക് പ്രൊമോഷൻ നൽകാനോ ഇതുമൂലം സാധിക്കുന്നില്ല. നിയമിച്ച ജീവനക്കാരുടെ അപ്പോയിന്റ്മെൻറ് അപ്രൂവ് ചെയ്യാത്തതിനാൽ ശമ്പളം ലഭിക്കാതെ ജോലി

LIBRARY ARCHIVES Kerala Legislative Assembly